**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് കെയർ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ വി ജോയി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹെൽത്ത് കെയർ ടൂറിസം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുള്ള അനുകൂല ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഹെൽത്ത് ടൂറിസം വെൽനെസ് ടൂറിസം എന്നിവയുടെ പ്രധാന ഹബ്ബായി കേരളം ഇതിനോടകം മാറിക്കഴിഞ്ഞിട്ടുണ്ട്. വിദഗ്ധ ചികിത്സയ്ക്കും സുഖചികിത്സയ്ക്കുമായി വിദേശ രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ കേരളത്തിൽ എത്തിച്ചേരാറുണ്ട്. മികച്ച ആശുപത്രികൾ , വിദഗ്ധ ചികിത്സയ്ക്കുള്ള സൗകര്യം , താരതമ്യേന ചെലവ് കുറഞ്ഞ ചികിത്സ തുടങ്ങിയവ കേരളത്തെ ഹെൽത്ത് ടൂറിസം മേഖലയായി വളർത്തി.<br><br>കേരളം രാജ്യാന്തര തലത്തിൽ തനത് ഉൽപ്പന്നമായി ആയുർവ്വേദത്തെ അവതരിപ്പിയ്ക്കുകയും ആയുർവ്വേദത്തിന് വലിയ പ്രചരണം നൽകുകയും ചെയ്തു. ആയുർവ്വേദവും ആയുർവ്വേദ കേന്ദ്രങ്ങളും സഞ്ചാരികൾ എത്തുന്ന ഇടമായി മാറി. വെൽനസ് ടൂറിസത്തിനായി പ്രത്യേക ആയുർവ്വേദ കേന്ദ്രങ്ങളും കേരളത്തിൽ സജ്ജമായി . ഹെൽത്ത് ടൂറിസവും വെൽനസ് ടൂറിസവും കേരളത്തിന് കൂടുതൽ തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്ന മേഖലയായി വളർന്നിട്ടുണ്ട്. |
| (ബി) | ആയുർവേദം, പ്രകൃതി ചികിത്സ, പഞ്ചകർമ്മ, കളരി തുടങ്ങിയ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ആവശ്യമായ പഠനങ്ങളും ആസൂത്രണവും നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ആയുർവേദം, പ്രകൃതി ചികിത്സ, പഞ്ചകർമ്മ, കളരി തുടങ്ങിയ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനായി വിനോദ സഞ്ചാര വകുപ്പും ആയുഷ് വകുപ്പും ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവ്വേദം പ്രചരിപ്പിക്കുന്നതിനുപുറമേ, ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന B2B Meet -കളിലും മെഡിക്കൽ ടൂറിസം ഒരു ഉത്പ്പന്നം എന്ന നിലയിൽ ആയുർവ്വേദത്തെ പരിചയപ്പെടുത്തുന്നുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ഈ സാമ്പത്തികവർഷം ആസൂത്രണം ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലും മെഡിക്കൽ ടൂറിസം വികസനം കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ആയുർവേദ രംഗത്തെ നൂതന ഉല്പന്നങ്ങൾ, സേവനങ്ങൾ, എന്നിവ ദേശീയ അന്തർദേശീയ തലത്തിൽ വിപണനം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) | അന്തർദേശീയ തലങ്ങളിൽ ആയുർവ്വേദത്തിന് കേരളത്തിലെ തനത് ഉത്പ്പന്നം എന്ന നിലയിലുള്ള പ്രചരണം നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര ടൂറിസം മേളകളിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് അത് തുടരും.<br><br>സംസ്ഥാനത്തെ ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ വിനോദസഞ്ചാര വകുപ്പ് വഴി ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയുർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ 60ഓളം ആയുർവ്വേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ചു വരുന്നു. മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി.<br><br>ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പ് അംഗീകരിച്ച ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു.<br><br>വർഷം തോറും നടന്നു വരുന്ന ഇന്ത്യ-ഇന്റർനാഷണൽ ട്രേഡ് ഫെയർ, വേൾഡ് ആയുർവേദ കോൺഗ്രസ്സ് തുടങ്ങിയ പരിപാടികളിൽ പങ്കെടുത്ത് ആയുർവേദ ഉത്പന്നങ്ങളുടെ വിപണനം ദേശീയ-അന്തർദേശീയ തലത്തിൽ പ്രചരിപ്പിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രകൃതി ചികിത്സയുടെയും മറ്റ് പാരമ്പര്യ ചികിത്സയുടെയും വിപണന സാധ്യതകൾ വിലയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | **പരിശോധിയ്ക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ